# കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് – ജീവനക്കാര്യം – സർക്കാർ കോളേജ് അദ്ധ്യാപകർ - സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം പൊതു സ്ഥലമാറ്റം – 2016 – ഉത്തരവ് പുറപ്പെടുവിക്കുന്നു –

ഉത്തരവ് നമ്പർ.എ2/3525/2016/കോ.വി.വ തിരുവനന്തപുരം തീയതി : 30.05.2016

പരാമർശം:-

1) ഈ ഓഫീസിലെ 09.12.2014- തീയതിയിലെ ബി.2/45492/2014/ കോ.വി.വ നമ്പർ സർക്കുലർ.
2) ജി.ഒ.(എം.എസ്)നമ്പർ.27/1994/ഉ.വി.വ തീയതി. 21.02.1994.
3) ജി.ഒ.(എം.എസ്)നമ്പർ.114/2004/ഉ.വി.വ തീയതി. 01.08.2004
4) ജി.ഒ.(പി) നമ്പർ.01/2005/ഉ.വി.വ തീയതി 04.01.2006.
5) ജി.ഒ.(പി)നമ്പർ.06/2007/പി & ആർ.ഡി തീയതി. 04.12.2007.
6) 10.05.2016 തീയതിയിലെ ഇതേ നമ്പർ കരട് സ്ഥലം മാറ്റ പട്ടിക.

## ഉത്തരവ്

സർക്കാർ കോളേജുകളിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം അദ്ധ്യാപകരുടെ 2016-ലെ പൊതു സ്ഥലം മാറ്റത്തിനുള്ള കരട് പട്ടിക പരാമർശം (6) പ്രകാരം പ്രസിദ്ധീകരിക്കുകയും അതിന്മേൽ പരാതിയുണ്ടെങ്കിൽ ആയത് 25.05.2016 വൈകുന്നേരം 5.00 മണിയ്ക്ക് മുൻപായി സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ആയതനുസരിച്ച് ലഭിച്ച പരാതികളുടെ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ചുവടെ കാണുന്ന പ്രകാരം സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം അദ്ധ്യാപകരെ അവരുടെ പേരിന് നേരെ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാപനത്തിലേയ്ക്ക് 01.06.2016 പ്രാബല്യത്തോടെ സ്ഥലം മാറ്റി നിയമിച്ചു കൊണ്ട് ഉത്തരവാകുന്നു..

| ക്രമ നമ്പർ | അദ്ധ്യാപകൻ / അദ്ധ്യാപികയുടെ പേരും, ജോലി ചെയ്യുന്ന സ്ഥാപനവും | സ്ഥലം മാറ്റി നിയമിക്കുന്ന സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | ശ്രീമതി.മായ.എസ്.എസ്, അസിസ്റ്റന്റ്/ അസോസിയേറ്റ് പ്രൊഫസർ, ഗവൺമെന്റ് വിക്ടോറിയ കോളേജ്, പാലക്കാട് (അപേക്ഷ.) | മഹാരാജാസ് കോളേജിൽ നിലവിലുള്ളഒഴിവിൽ. |
| 2 | ശ്രീമതി.വീണ.ടി.ജി, അസിസ്റ്റന്റ്/ അസോസിയേറ്റ് പ്രൊഫസർ, സർക്കാർ വനിതാ കോളേജ്, തിരുവനന്തപുരം. (അപേക്ഷ) | ചിറ്റൂർ ഗവൺമെന്റ് കോളേജിൽ നിലവിലുള്ള ഒഴിവിൽ. |

സ്ഥലം മാറ്റം ലഭിച്ച അദ്ധ്യാപകർ, സ്ഥലം മാറ്റി നിയമിക്കപ്പെട്ട സ്ഥാപനങ്ങളിൽ പരമാവധി പത്ത് ദിവസത്തിനകം ജോയിൻ ചെയ്യേണ്ടതാണ്. ജോലിയിൽ പ്രവേശിച്ചതും വിടുതൽ ചെയ്തതുമായ വിവരങ്ങൾ യഥാസമയം ഈ കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്. ***എന്നാൽ അപേക്ഷ പ്രകാരം സ്ഥലം മാറ്റം ലഭിച്ച അദ്ധ്യാപകർക്ക് "ജോയിനിംഗ് ടൈമിന്" അർഹത ഉണ്ടായിരിക്കുന്നതല്ല.***

സ്ഥാപന മേധാവികൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള (www.collegiateedu.kerala.gov.in) ഈ ഉത്തരവ് ഡൌൺ ലോഡ് ചെയ്ത് അദ്ധ്യാപകരെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും ജോലിയിൽ നിന്നും വിടുതൽ ചെയ്യിപ്പിക്കേണ്ടതുമാണ്.

ഒപ്പ്
എം.നന്ദകുമാർ,ഐ.എ.എസ്,
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ് :

1) ബന്ധപ്പെട്ട പ്രിൻസിപ്പാൾ /അദ്ധ്യാപകർ.
2) അക്കൌണ്ടന്റ് ജനറൽ (എ & ഇ), കോട്ടയം
3) കരുതൽ ഫയൽ / നടപ്പ് ഫയൽ

// അംഗീകാരത്തോടെ //



സൂപ്രണ്ട്

എസ്.വി.30.05.2016